LIBRARY ARCHIVES Kerala Legislative Assembly

**ഐ.എ.വൈ. പദ്ധതിക്ക് സഹകരണബാങ്കുകൾ വായ്പ നൽകുന്നത് സംബന്ധിച്ച്**

6 (1477) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതിക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകിയ വകയിൽ ബാങ്കുകൾക്ക് തിരിച്ചടവിനുള്ള തുക നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 30-4-2013 ൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ.പദ്ധതി പ്രകാരം മരങ്ങാട്ടുപള്ളി സഹകരണ ബാങ്ക് വായ്പ നൽകിയതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള കാലതാമസവും കാരണവും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് നൽകിയിരിക്കുന്ന വായ്പ തിരിച്ചടയ്ക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ; ഇതുമൂലം ബാങ്കിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. 2011-12 വർഷം മുതൽ ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷമായും പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി തുക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാതുകയുടെ മുതൽ പത്ത് തുല്യ ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11.25 ശതമാനം വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി വായ്പാ മുതൽ പ്രോജക്ട് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും തിരികെ അടച്ചുവരികയാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു